ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: കൊല്ലത്തിനും എറണാകുളത്തിനും തമ്മിലുള്ള ദൂരം മനസ്സിലാക്കി അതിനു മദ്ധ്യത്തായി എവിടെയെങ്കിലും മറെറാരു ഡിസ്പെൻസറിക്കൂടി ഉണ്ടാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: തൽക്കാലം അങ്ങിനെ ഉദ്ദേശിക്കുന്നില്ല.

ശ്രീ. വി. ഗംഗാധരൻനായർ: കൊല്ലം ഡിസ്പെൻസറിയിൽ ഇപ്പോൾ എത്ര ബെഡുകളും എത്ര രോഗികളും ഉണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: എനിക്ക് നിശ്ചയമില്ല. ഒരു പക്ഷേ ബഹുമാനപ്പെട്ടമെമ്പർക്ക് അറിയാമായിരിക്കും.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ആലപ്പുഴ ഒരു ഡിസ്പെൻസറി കൊടുക്കുകയില്ലെന്നു വല്ല നിർബന്ധവുമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: നാലു ഡിസ്പെൻസറികൾ മാത്രം ഉണ്ടാക്കണമെന്നാണ് ഇപ്പോഴത്തെ സ്കീം. ആലപ്പുഴ ആശുപത്രിയെ ഡിസ്പെൻസറി ആശുപത്രി എന്നു വിളിക്കുന്നതുകൊണ്ട് യാതൊരു വിശേഷവും ഇല്ല. ഇപ്പോഴുള്ളതിനേക്കാൾ സകല സൌകര്യങ്ങളും മേലിലും അവിടെ ഉണ്ടായിരിക്കും.

ആയുർവേദാശുപത്രികൾ

*നമ്പർ (നമ്പർ) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിസദയം മറുപടി പറയുമോ.—

സംസ്ഥാനത്തെ എല്ലാഗ്രാമങ്ങളിലും ആയുർവേദാശുപത്രികൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

ഇല്ല. പക്ഷേ വൈദ്യസഹായം അത്യാവശ്യമാണെന്നുതോന്നുന്ന ഗ്രാമങ്ങളിൽ ആയുർവ്വേദാശുപത്രികൾ സ്ഥാപിക്കുന്നതാണ്.

ശ്രീ. എ. വി. ജോസഫ്: യാതൊരു വൈദ്യസഹായവും ലഭിക്കാത്തതായി ഈ സംസ്ഥാനത്തു എത്ര ഗ്രാമങ്ങളുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: പല ഗ്രാമങ്ങളുമുണ്ടായിരിക്കാം.

ശ്രീ. എ. വി. ജോസഫ്: ആ സ്ഥലങ്ങളിലെല്ലാം ഇതുപോലെയുള്ള ആശുപത്രികളെങ്കിലും സ്ഥാപിച്ചുകൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: ഒരാശുപത്രി സ്ഥാപിക്കണമെങ്കിൽ ൨,൦൦൦ രൂപയിൽക്കൂടുതൽ ചിലവുണ്ട്. അതുകൊണ്ട് ഗവൺമെണ്ടിന്റെ ധനസ്ഥിതിയനുസരിച്ചു പുതിയ ആശുപത്രികൾ സ്ഥാപിക്കാൻ നിവർത്തിയുള്ളൂ.

ശ്രീ. സി. സി. പ്രസാദ്: നിലവിലുള്ള ആയുർവ്വേദാശുപത്രികളുടെ നടത്തകളെപ്പററി എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ ജാൺ: പരാതി ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. സി. സി. പ്രസാദ്: കൊടകരനിന്നും പരാതി കിട്ടിയിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ: പരാതിയുണ്ടെങ്കിൽ അറിയിച്ചാൽ അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. സി. സി. പ്രസാദ്: പരാതി ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടെന്നറിഞ്ഞതുകൊണ്ടാണ് ഞാൻ ചോദിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The member is developing a discussion which cannot be allowed.

(Question No. 35 was not asked by the member.)

LAND COMMITTEE

*652. [36] **Sri. Paul Thaliath:** Will the Hon'ble Minister for Finance be pleased to state.—

(*a*) whether the Land Committee has submitted its report;

(*b*) if so will the same be placed on the table;

(*c*) if not whether any time limit has been fixed for the submission of the report; and

(*d*) the total expenditure both administrative or otherwise that had been incurred so far in connection with this committee?

Minister for Finance and Reuenue (**Sri. A. J. John**):

(*a*) No.

(*b*) Does not arise.

(*c*) No.

(*d*) Rs. 15,160—approximately.

VILLAGE COURTS

*653. [37] **Sri. Paul Thaliath:** Will the Hon'ble Chief Minister be pleased to state.—

(*a*) whether the Government have any scheme to establish Village Courts in the former Travencore area;

(*b*) if the answer to part (*a*) is in the affirmative, the action taken so far; and

(*c*) if the answer to part (*a*) is in the negative, will the question be taken up now?

Chief Minister (**Sri. T. K. Narayana Pillai**):

(*a*) Government have under consideration a proposal to enact uniform legislation to govern the working of Village Courts in Travancore and Cochin.

(*b*) A bill has been drafted and is under examination.

(*c*) Does not arise.

[Question No. 38 was not put by the member]

തരിശുഭൂമികൾ

*൩൯൪. (൯൯൫) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ:—

(എ) സ്റ്റേറ്റിന്റെ വിവിധഭാഗങ്ങളിലായി കൃഷിചെയ്യാതിട്ടിരിക്കുന്ന ഭൂമി എത്രയെന്ന് ഗവൺമെണ്ടു് അന്വേഷിച്ചിട്ടുണ്ടോ?

(ബി) അവയിൽ സർക്കാർവകയും പട്ടയദാർമാർ വകയും എത്രയെന്നു പറയുമോ?

(സി) കൃഷിചെയ്യുവാൻ പറ്റിയതും തരിശായി കിടക്കുന്നതുമായ സ്ഥലങ്ങളിൽ കൃഷിചെയ്യിക്കുവാൻ ഗവൺമെണ്ടു് എന്തൊക്കെ നടപടികൾ നടത്തിയിട്ടുണ്ടെന്നു പറയുമോ?

†Answer to this question laid on the table the questioner having exhausted his quota.

LIBRARY ARCHIVES Kerala Legislative Assembly